ഏറ്റെടുക്കാൻ സാദ്ധ്യമല്ല. എന്നാൽ പ്രതിദിനം അമ്പതിൽ കൂടുതൽ യന്ത്രവൽകൃത വാഹനങ്ങളുടെ ഗതാഗതമുള്ള പ്രധാന റോഡുകളുടെ (Through Route) വീതി 7.5 മീറ്ററും ലഭ്യമാകുമെങ്കിൽ പുനരുദ്ധാരണത്തിന് ഏറ്റെടുക്കാവുന്നതാണ്. പുനരുദ്ധാരണത്തിനായി പ്രധാന റോഡുകളും (Through Route), മേജർ ലിങ്ക് റോഡുകളും മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഇളവ് അനുവദിച്ചിട്ടില്ല.

(ഇ) 8 മീറ്റർ വീതിയിൽ കുറവുള്ള റോഡുകൾ നിലവിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിനാൽ അത്തരം റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം പുനരുദ്ധാരണം നടത്താൻ ശിപാർശ ചെയ്ത പദ്ധതികൾ

148 (356) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം തലശ്ശേരി, കുത്തുപറമ്പ് ബ്ലോക്കുകളിൽ നിന്ന് 2010-11 വർഷത്തിൽ പുനരുദ്ധാരണം നടത്താൻ ശിപാർശചെയ്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ശിപാർശകളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) പെരിങ്ങളം മണ്ഡലത്തിലെ പുത്തൂർ പോസ്റ്റാഫീസ്-നീളങ്ങൾ-കല്ലുവളപ്പ് റോഡിന്റെയും, ചെറുപ്പറമ്പ്-പാത്തിക്കൽ റോഡിന്റെയും, പൊയിലൂർ-വെങ്ങത്തോട് റോഡിന്റെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത റോഡുകൾ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) കുത്തുപറമ്പ് ബ്ലോക്കിന് കീഴിലുള്ള കല്ലുവളപ്പ്-പാത്തിക്കൽ റോഡ് പുനരുദ്ധാരണം നടത്താനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം തലശ്ശേരി, കുത്തുപറമ്പ് ബ്ലോക്കുകളിൽ നിന്ന് 2010-11 വർഷത്തിൽ പുനരുദ്ധാരണം നടത്താൻ ശിപാർശചെയ്ത പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ലിസ്റ്റ് 8-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുവാനായി കെ. എസ്. ആർ. ആർ. ഡി. എ.-യിൽ ലഭിച്ചത് പരിശോധിച്ച് വരികയാണ്.

(സി) പെരിങ്ങളം മണ്ഡലത്തിലെ പുത്തൂർ പോസ്റ്റാഫീസ്-നീളങ്ങൾ-കല്ലുവളപ്പ് റോഡും, ചെറുപ്പറമ്പ്-പാത്തിക്കൽ റോഡും, പൊയിലൂർ-വെങ്ങത്തോട് റോഡും പി.എം.ജി.എസ്.വൈ. കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലെ കോർനെറ്റ് ലിസ്റ്റിൽ പ്രസ്തുത റോഡുകളുടെ പേരുകൾ ഇല്ല. പ്രസ്തുത റോഡുകൾ പി.എം.ജി.എസ്.വൈ. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എടുക്കാവുന്നതാണെങ്കിൽ അടുത്ത ഘട്ടം കോർനെറ്റിൽ ഉൾപ്പെടുത്തുന്നതാണ്.

(ഇ) പ്രസ്തുത വർക്കിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി പ്രസ്തുത റോഡിന് 8 മീറ്റർ വീതി ലഭ്യമാക്കുന്നതിന് കൂത്തുപറമ്പ് ബി.ഡി.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും റോഡിന് ഇരുവശവുമുള്ള ഗുണഭോക്താക്കളിൽ നിന്ന് സ്ഥലം വിട്ടുനൽകുന്നതിനുള്ള ലാന്റ് റിലിംക്വിഷ്മെന്റ് ഫോറം ശേഖരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പുനരുദ്ധാരണം നടത്തിയ റോഡുകൾ

149 (357) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ 2006 മുതൽ 2011 വരെ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം പുനരുദ്ധാരണം നടത്തിയ റോഡുകൾ ഏതൊക്കെയാണെന്ന് ബ്ലോക്കുകളുടെ പേര് സഹിതം വെളിപ്പെടുത്തുമോ :

(ബി) 2006-2011 വരെ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കൂത്തുപറമ്പ്, തലശ്ശേരി ബ്ലോക്കുകളിൽ എത്ര റോഡുകൾ പുനഃരുദ്ധാരണം നടത്താൻ ഭരണാനുമതി ലഭിച്ചെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത ബ്ലോക്കുകളിൽ ഭരണാനുമതി ലഭിച്ച റോഡുകളിൽ പുനഃരുദ്ധാരണം നടത്തിയ റോഡുകൾ, ടെണ്ടർ വിളിച്ച റോഡുകൾ, റീടെണ്ടർ വിളിച്ച റോഡുകൾ, ടെണ്ടർ വിളിച്ചിട്ടും നടപടി പൂർത്തീകരിക്കാത്ത റോഡുകൾ എന്നിവ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) ടെണ്ടർ നടപടി പൂർത്തീകരിക്കാത്ത റോഡുകൾ ഭരണാനുമതി റദ്ദ് ചെയ്ത്, പുതിയ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) 2010-2011 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്കിൽ നിന്ന് പുതുതായി ശിപാർശ ചെയ്ത റോഡുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 2006 മുതൽ 2011 വരെ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം പുനഃരുദ്ധാരണം നടത്തിയ റോഡുകളുടെ വിവരം ബ്ലോക്കടിസ്ഥാനത്തിൽ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2006-2011 വരെ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കൂത്തുപറമ്പ്, തലശ്ശേരി ബ്ലോക്കുകളിൽ പുനഃരുദ്ധാരണം നടത്താൻ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly